"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ഭവനനിർമ്മാണ വകുപ്പ്- കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് - എം. എൻ ലക്ഷംവീട് പുനർനിർമ്മാണ പദ്ധതി - പുനർ നിർമ്മിക്കുന്ന ഭവനങ്ങളുടെ പരമാവധി തറ വിസ്തീർണ്ണം പരമാവധി 83 ച. മീറ്റർ വരെയായി വർദ്ധനവു വരുത്തുന്നതിന് അനുമതി നല്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭവനനിർമ്മാണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.13/2026/HSG തീയതി,തിരുവനന്തപുരം, 07-03-2026

പരാമർശം:-
1. സ. ഉ. (സാധാ) നം. 41/2017/ ഭവനം തീയതി 10.07.2017.
2. ഭവനനിർമ്മാണ ബോർഡ് സെക്രട്ടറിയുടെ 10.01.2025, 15.07.2025, 19.02.2026- തീയതികളിലെ KSHB-HO/241/2023-P4 നമ്പർ കത്തുകൾ.

**ഉത്തരവ്**

ഗൃഹശ്രീ ഭവന പദ്ധതിയുടെ പരമാവധി തറ വിസ്തീർണ്ണം 66 ചതുരശ്ര മീറ്ററിൽ നിന്നും 25% വർദ്ധനവ് വരുത്തി 83 ചതുരശ്ര മീറ്റർ (83 sq. m) ആയി അധികരിക്കുന്നതിന് പരാമർശം (1) പ്രകാരം അനുമതി നല്കി ഉത്തരവായിട്ടുള്ളതാണ്. ശോച്യാവസ്ഥയിലായ എം.എൻ. ലക്ഷംവീട് ഭവനങ്ങളുടെ പുനർനിർമ്മാണം നടത്തുന്നതിന് കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന എം. എൻ ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയുടെ ഭാഗമായി എം. എൻ. സുവർണ്ണ ഭവനം, എം. എൻ. നവയുഗം എന്നീ പദ്ധതികളിലൂടെ പുനർനിർമ്മിക്കുന്ന വീടുകളുടെ പരമാവധി തറ വിസ്തീർണ്ണം ഗൃഹശ്രീ പദ്ധതിയിലൂടെ നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണവുമായി ഏകീകരിക്കുന്നതിന് അനുമതി നല്കണമെന്ന് ബോർഡ് സെക്രട്ടറി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എം. എൻ. ലക്ഷം വീട് പുനർനിർമ്മാണ പദ്ധതിയിലുൾപ്പെട്ട എം. എൻ. സുവർണ്ണ ഭവനം, എം. എൻ നവയുഗം പദ്ധതികളിലൂടെ പുനർനിർമ്മിക്കുന്ന വീടുകളുടെ പരമാവധി തറവിസ്തീർണ്ണം ഗൃഹശ്രീ പദ്ധതിയിലൂടെ നിർമ്മിക്കുന്ന വീടുകളുടെ തറ വിസ്തീർണ്ണവുമായി ഏകീകരിച്ച്, 83 ച. മീറ്ററായി അധികരിക്കുന്നതിന്, പദ്ധതിയുടെ രൂപരേഖ, സാങ്കേതിക-ധനകാര്യ വ്യവസ്ഥകൾ, നിർവഹണ സമയപരിധി എന്നിവയിൽ യാതൊരു വ്യതിയാനവും ഉണ്ടായിരിക്കുന്നതല്ലെന്നും തറ വിസ്തീർണ്ണ വർദ്ധനവിനെ തുടർന്ന് ഉണ്ടാകുന്ന അധിക നിർമ്മാണ ചെലവും അനുബന്ധ ഉത്തരവാദിത്വങ്ങളും ഗുണഭോക്താവോ/ സ്പോൺസറോ തന്നെ വഹിക്കേണ്ടതാണെന്നും, സർക്കാരിന്റെയോ/ ബോർഡിന്റെയോ ഭാഗത്ത് നിന്നും അധിക ധനസഹായം അനുവദിക്കുന്നതല്ലെന്നുമുള്ള ഉപാധികളോടെ, അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എം ജി രാജമാണിക്കം
സെക്രട്ടറി

1. സെക്രട്ടറി, ഭവനനിർമ്മാണ ബോർഡ്, തിരുവനന്തപുരം
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്) കേരള, തിരുവനന്തപുരം

3. ധനകാര്യ (പിയൂസി) വകുപ്പ്
4. വിവര പൊതുജന സമ്പർക്ക വകുപ്പ് ( വെബ് & ന്യൂ മീഡിയ) (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
5. കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by Krishnakumar S
Date: 09-03-2026 11:00:11

സെക്ഷൻ ഓഫീസർ